**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3610** **08-10-2025 - ൽ മറുപടിയ്ക്ക്**

**മറൈൻ എക്കോ സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ദെലീമ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി മറൈൻ ഡ്രൈവിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കീഴിൽ നടപ്പാക്കുന്ന മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ്; അറിയിക്കാമോ; | (എ) | **മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിലേയ്ക്കാവശ്യമായ Statutory Clearances നേടുന്നതിനായി നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആയതിൽ CRZ, GRIHA, Pollution Control Board COE, Air Port NOC, Environmental Clearance, Fire NOC എന്നിവ ലഭിച്ചിട്ടുണ്ട്. Building Permit ലഭ്യമാക്കുന്നതിനുള്ള നടപടികളും Wildlife Clearance -മായി ബന്ധപ്പെട്ട തുടർ നടപടികളും സ്വീകരിച്ചുവരുന്നു.**<br><br>**മറൈൻ എക്കോസിറ്റി ഫേസ് 1 നിർമ്മാണത്തിനായുള്ള EPC ടെൻഡർ ക്ഷണിക്കുകയും ആയതിന്റെ ഇവാല്യുവേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകൾ ലഭിച്ചതിനു ശേഷം L1 bidder- ആയ M/s. DEE VEE Projects Limited ന് വർക്ക് ഓർഡർ ഇഷ്യൂ ചെയ്യുന്നതും, RERA Registration** ലഭിക്കുന്നയുടൻ നിർമ്മാണ പ്രവത്തികൾ ആരംഭിക്കുന്നതുമാണ്. |
| (ബി) | പദ്ധതിയുടെ ആദ്യഘട്ടം (ഫേസ് എ) നിർവഹിക്കാൻ എൻ. ബി. സി. സി. (നാഷണൽ ബിൽഡിംഗ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (ഇൻഡ്യ) ലിമിറ്റഡ്) മുഖേന ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. പദ്ധതിയ്ക്ക് ആകെ **3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.** |
| (സി) | മറൈൻ എക്കോ സിറ്റിയുടെ നിലവിലെ രൂപരേഖ എന്താണെന്ന് വിശദമാക്കാമോ; | (സി) | മറൈൻ എക്കോ സിറ്റി പദ്ധതിയിൽ റസിഡൻഷ്യലും കൊമേർഷ്യലും ആയ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 17.9 ഏക്കർ വിസ്തീർണ്ണമുള്ള പദ്ധതി പ്രദേശത്തെ മൂന്നായി വിഭജിച്ച്, ആദ്യ ഘട്ടം 3.16 ഏക്കറിലും, രണ്ടാമത്തേത് 2.6 ഏക്കറിലും, മൂന്നാമത്തേത് 12.14 ഏക്കറിലുമായാണ് പദ്ധതി നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നത്. ഘട്ടം ഒന്നിൽ കൊമേർഷ്യലും റസിഡൻഷ്യലും അടങ്ങിയ 28 നിലകൾ ഉള്ള കെട്ടിട സമുച്ചയവും ഘട്ടം രണ്ടിൽ 8 നിലകളായിട്ടുള്ള ഹോട്ടൽ/കൺവെൻഷൻ സെന്ററും മൂന്നാം ഘട്ടത്തിൽ 30 നിലകളുള്ള ആറ് റസിഡൻഷ്യൽ ടവറുകളും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി പൂർത്തിയായാൽ കൊച്ചിയുടെ നഗര വികസനത്തിനും തൊഴിൽ സാധ്യതകൾക്കും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (ഡി) | കൊച്ചി നഗരത്തിന്റെ ഹൃദയ ഭാഗത്തുള്ള ഭവന നിർമ്മാണ ബോർഡിന്റെ 17.9 ഏക്കർ ഭൂമിയിലാണ് മറൈൻ എക്കോ സിറ്റി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയിൽ ഹോട്ടൽ/ കൺവെൻഷൻ സെന്റർ ഉൾപ്പെട്ടിട്ടുള്ളതിനാൽ വിവിധ തരം സാമൂഹിക സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് പര്യാപ്തമാകും. പദ്ധതിയിലൂടെ 1112 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനാൽ കൊച്ചിയുടെ മധ്യവർഗ വിഭാഗത്തിന്റെ പാർപ്പിട ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് സഹായകമാകും. ഇതൊരു ബൃഹത് പദ്ധതിയായതിനാൽ ഇതിന്റെ നിർമ്മാണഘട്ടത്തിലും തുടർന്നും ഒട്ടേറെ തൊഴിൽ സാധ്യതകൾ സൃഷ്ടിക്കപ്പെടുന്നതാണെന്നും വിലയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ